# തായ്‌വാനിൽ നിന്ന് ചില മാതൃദിന ചിന്തകൾ

ഡോ.എം.ഐ.പുന്നൂസ്

ദക്ഷിണ ചൈനാക്കടലിനും ഫിലിപ്പൈൻസ് കടലിനുമിടയിൽ ഏഷ്യൻ ഭൂഖണ്ഡത്തിന്റെ കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു കൊച്ചുദ്വീപു രാജ്യമാണ് തായ്‌വാൻ. ആകാശക്കാഴ്ചയിലിതിനൊരു മധുരക്കിഴങ്ങിന്റെ രൂപസവിശേഷതകളാണുള്ളത്. എറെ പണിപ്പെട്ടതിനുശേഷമാണ് തായ്‌വാൻ വിസ തരപ്പെട്ടത്. അമേരിക്കൻ ഏജൻസിയുടെ(UBCHEA) സ്പോൺസർഷിപ്പിൽ തായ്‌വാനിൽ പോകുന്നതിന്റെ കാരണം ചെന്നൈയിലെ ചൈനകോൺസുലേറ്റുകാർ തലനാരിഴകീറി പരിശോധിച്ചിരുന്നിരിക്കണം. സാങ്കേതികപ്രശ്നങ്ങൾ പലതും പറഞ്ഞ് വിസ അപേക്ഷയും അനുബന്ധരേഖകളും ആദ്യം മടക്കി. പക്ഷേ തായ്‌വാൻ സന്ദർശിക്കാനുള്ള എന്റെ അവസരം നഷ്ടപ്പെടുത്താൻ എനിക്ക് കഴിയുമായിരുന്നില്ല. കോൺസുലേറ്റ് ആവശ്യപ്പെട്ട കൂടുതൽ രേഖകൾ തായ് വാൻ വിദ്യാഭ്യാസവകുപ്പിൽ നിന്ന് സംഘടിപ്പിച്ചു നല്കാൻ തായ് വാനിലെ സുഹൃത്ത് അല്ലൻ ലീ നന്നായി ഉത്സാഹിച്ചു. അങ്ങനെയാണ് 2016, മെയ് 6–ാം തീയതി മധ്യാഹ്നത്തോടെ ഞാൻ തായ് വാനിലെത്തുന്നത്

താവോ യുവാൻ വിമാനത്താവളത്തിൽ എന്നെക്കാത്ത് തൃശ്ശൂർ സ്വദേശിയായ ഫാ. ജിജി ജോസഫ് ആലക്കളം നില്പുായിരുന്നു. വൈകാതെ ഞങ്ങൾ അദ്ദേഹത്തിന്റെ കാറിൽ ഫ്യൂ ജെൻ കത്തോലിക്ക (FU Jen Catholic University)സർവ്വകലാശാലയിലേക്കു തിരിച്ചു. നാല്പതു മിനിറ്റു നീ യാത്രയ്ക്കിടയിൽ അച്ചൻ തായ് വാൻ സംസ്കാരത്തെക്കുറിച്ചും സർവ്വകലാശാലയെക്കുറിച്ചും ഒരേകദേശ ധാരണ തന്നു കഴിഞ്ഞു. രാത്രി, പകൽ ബാച്ചുകളിലായി 26,000 വിദ്യാർത്ഥികൾ പഠിക്കുന്ന വലിയൊരു സർവ്വകലാശാലയാണ് ഫ്യൂ ജെൻ. സാമൂഹിക, മാനവിക വിഷയങ്ങളും എൻജിനീയറിങ്ങും മെഡിസിനും സംഗീതവും ചിത്രകലയുമൊക്കെയുൾപ്പെടുന്ന 47 ഡിപ്പാർട്ടമെന്റുകളും 46 മാസ്റ്റേഴ്സ് പ്രോഗ്രാമുകളുമിവിടെയു്. 750 ഫുൾടൈം അധ്യാപകരും നൂറകണക്കിന് ജീവനക്കാരുമു്. സർവ്വകലാശാലയ്ക്കുകീഴിൽ സഹോദരസ്ഥാപനങ്ങളായി 222 സ്കൂളുകൾ തായ്പേയ് പ്രദേശങ്ങളിലുന്നൊ പറഞ്ഞുകഴിഞ്ഞാൽ സർവ്വകലാശാലയുടെ വലിപ്പം ഏറെക്കുറെ ഊഹിക്കാനാവും. 1925 ൽ ചൈനയിലെ ബെയ്ജിങ്ങിലാണ് ഫ്യൂ ജെൻ അക്കാഡമിയുടെ തുടക്കം. കമ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ അനിഷ്ടം മൂലം ഇടക്കാലത്ത് പ്രവർത്തനം നിലച്ചുപോയി.പിന്നീട് വർങ്ങൾക്കു ശേഷം 1961 ൽ തായ് വാനിലെ തായ്പേയ് പ്രദേശത്തേയ്ക്ക് സർവ്വകലാശാലയുടെ പ്രവർത്തനം മാറ്റുകയായയിരുന്നു.

തായ് വാൻ ഇന്ന് വളരെ വികസിതമായ ഒരു ദ്വീപ് രാജ്യാമാണ്. ഇവിടുത്തെ മനുഷ്യവാസത്തിന്റെ ചരിത്രത്തിന് ആയിരക്കണക്കിനു വർഷങ്ങളുടെ പഴക്കമു്. കാർഷികവൃത്തിയും മീൻപിടുത്തവും കൊ്പുലർന്നുപോന്ന തദ്ദേശീയരായ തായ്‌വാനികളാണ് ഇവിടുത്തെ ആദിമനിവാസികൾ. കോളനിവാഴ്ചയുടെ രക്തരൂഷിതമായ വലിയൊരു സംഘർഷാത്മകചരിത്രവും തായ്‌വാനു്. 17–ാം നൂറ്റാിൽ ഡച്ചുകാരുടെ അധീനതയിലായിരുന്നു ഈ ദ്വീപ്. പിന്നീട് ചൈനയിലെ ഹക്കാ (Hakaka)വിഭാഗക്കാരുടെ വ്യാപകമായ കുടിയേറ്റമിവിടെയുായി. 1895 മുതൽ 1945 വരെ ജപ്പാന്റെ കർശനമായ തേർവാഴ്ചയുടെ കാലമാണ്. പിന്നീടിത് ചൈനാ സാമ്രാജ്യത്തിന്റെ അധീനതയിലായി. ഇപ്പോൾ സ്വയംനിർണ്ണായക ശേഷിയുള്ള സ്വന്തം ഭരണവാഴ്ച തായ് വാനുങ്കിലും ചൈനയുടെ പരമാധികാരത്തിന്റെ കീഴിൽ കഴിയേിവരുന്നതിന്റെ അന്ത:സംഘർങ്ങൾ അനുഭവിക്കുന്ന രാഷ്ട്രീയ ഭൂമികയാണ് തായ്‌വാൻ ദ്വീപ്.

കുട്ടിക്കാലത്തു ലഭിച്ച ആദ്യത്തെ ഹീറോ പേനയിൽ ക –മെയ്ഡ് ഇൻ തായ്‌വാൻ– എന്ന മുദ്ര മനസ്സിൽ മായാതെ കിടപ്പുായിരുന്നു. ശാസ്ത്ര,സാങ്കേതിക രംഗത്ത് നല്ല കരുത്തുള്ള രാജ്യമാണ് തായ്‌വാൻ. ഏഷ്യയിലെ നാലു കടുവകളിൽ (Four Asian Tigers)ഒന്നെന്ന ഖ്യാതി തായ്‌വാനു്.( ഹോങ്കോങ്ങ്, സിംഗപ്പൂർ, ദക്ഷിണകൊറിയ എന്നിവയാണ് മറ്റു മൂന്നു രാജ്യങ്ങൾ). തായ്‌വാൻ എന്ന പദത്തിന് മനോഹരമായ ദ്വീപെന്നാണ് അർത്ഥം. പേര് അന്വർത്ഥമാക്കുംവിധം പച്ചപ്പുനിറഞ്ഞ 280 ലേറെ വരുന്ന മലനിരകൾക്കു നടു

വിൽ കഴിയുന്ന സുന്ദരമായ താഴ്‌വാര നഗരങ്ങളാണ് തായ്‌വാനിലുള്ളത്. മലനിരകളിൽ നിന്ന് ഒലിച്ചിറങ്ങുന്ന 65 ലേറെ ചെറുതും വലുതുമായ നദികളാണ് ദ്വീപിനെ കൂടുതൽ സുന്ദരമാക്കുന്നത്. കോളനി രാജ്യങ്ങൾ രൂപ കല്പന ചെയ്ത മനോഹരമായ നഗരചത്വരങ്ങളും വൃത്തിയും വെടിപ്പുമുള്ള തെരുവീഥികളും അംബരചുംബി കളായ കൂറ്റൻ സൗധങ്ങളും കൊുനിറഞ്ഞ തായ്‌വാൻ അക്ഷരാർത്ഥത്തിൽ സുന്ദരിയായ ഒരു സാഗരക ന്യക തന്നെയാണെന്നു പറയാം. വലിപ്പത്തിൽ കേരളത്തെക്കാൾ ചെറിയ രാജ്യമാണിത്. കേരളത്തെക്കാൾ 3000 ചതുരശ്രകിലോമീറ്റർ കുറച്ചുമാത്രമേ ഭൂവിസ്തൃതിതിയുള്ളൂ.

ഭൂകമ്പങ്ങളുടെ നാടുകൂടിയാണ് തായ്‌വാൻ. അതിന്റെ രൂക്ഷത വന്നിറങ്ങിയതിന്റെ തൊട്ടടുത്ത ദിവ സംതന്നെ അനുഭവിക്കാനുള്ള യോഗമുായി. ബാങ്ക് അക്കൗ തുടങ്ങാൻ ബഹുനിലമന്ദിരത്തിന്റെ 5–ാം നിലയാൽ നില്ക്കുമ്പോഴാണ് 5.8 ഡിഗ്രി തീവ്രതയുള്ള കുലുക്കമുായത്. തലകറങ്ങുന്നതുപോലെയാണ് ആദ്യം തോന്നിയത്. കെട്ടിടമാകെ ആടിയുലയുന്നുായിരുന്നു. ഏതാനും സെക്കൻഡുകളോളം അതു തുടർന്നു. ആകെ പരിഭ്രമിച്ചുവശായ എന്നെ ബാങ്കുദ്യോഗസ്ഥയായ യുവതി അറിയാത്ത ഭാഷയിലാണെങ്കിലും വളരെ സമാശ്വസിപ്പിച്ചുകൊിരുന്നു. ഭയക്കാനില്ല, ഇത് തായ്‌വാനിലേക്കുള്ള വരവേല്പുമാത്രമാണെന്ന് കൂടെയു ായിരുന്ന ജെറി കളിതമാശ പറഞ്ഞു. അവർക്കിത് നിത്യാനുഭവം ആയതുകൊാവാം, എല്ലാവരും കൂക്കു വിളികളോടെ ഒച്ചയിട്ടുകൊാണ് ഭൂകമ്പത്തെ നേരിട്ടുകത്. രു മണിക്കൂറിനുശേഷവും സമാനതീവ്രത തയുള്ള ഭൂചലനമുായെങ്കിലും ആദ്യത്തെ ഭയാനകത തോന്നിയില്ല. മാസം ശരാശരി പത്തു ഭൂചലനങ്ങളെ ങ്കിലുമിവിടെയുാകുന്നു. ആൾനാശമുാക്കുന്ന ചലനങ്ങൾ അപൂർവ്വമാണ്. 2016 ഫെബ്രുവരിയിലുായ ഭൂചലനത്തിൽ 117 പേരിവിടെ കൊല്ലപ്പെട്ടിരുന്നു.

## അമ്മവിചാരം മുന്ന വിചാരം

തായ്‌വാനിലെത്തിയ ആദ്യഞായറാഴ്ച ലോകമാതൃദിനമായത് വളരെ യാദൃച്ഛികം മാത്രമായിരു ന്നു.വൃത്താകൃതിയിലുള്ള പള്ളിയിൽ പത്തുമണിയുടെ ഇംഗ്ളീഷ് ആരാധനയ്ക്ക് ഇരിപ്പിടങ്ങൾ മുഴുവൻ നിറഞ്ഞിട്ടുായിരുന്നില്ല. ചൈനീസ് പ്രൊഫസറായ വൈദികന്റെ ഭാഷയ്ക്ക് നല്ല ലാളിത്യവും ഒഴുക്കുമു്. ആരാധനയ്ക്കിടയിലെ ഹ്രസ്വമായ പ്രസംഗവും ഹൃദ്യമായിരുന്നു. ലോകമാതൃദിനം പ്രമാണിച്ച് ലളിതമായ ചില ആഘോഷപരിപാടികളും ഉായി. പള്ളിയിലെത്തിയ മുഴുവൻ അമ്മമാരെയും വൈദികൻ മുൻനിരയി ലേക്കു ക്ഷണിച്ചു. അവർക്ക് ആശംസകളും അഭിനന്ദനങ്ങളും ചൊരിഞ്ഞു. തുടർന്ന് എല്ലാവരുടെയും അമ്മ യായയ കന്യാമറിയത്തിന്റെ രൂപത്തിനുമുന്നിൽ എല്ലാവരും തലവണങ്ങിനിന്നു. മറ്റുള്ള എല്ലാവരോടും കയ്യു യർത്തി അമ്മമാരെ അഭിവാദ്യം ചെയ്യാനും സ്വന്തം അമ്മമാരെ ഓർത്തുകൊ് രു മിനിറ്റു നേരം മൗന മായി പ്രാർത്ഥിക്കാനും പുരോഹിതൻ ആവശ്യപ്പെട്ടു. വികാരഭരിതമായ മൗനം പള്ളിയിൽ നിറഞ്ഞു.

കുത്തുവാക്കുകളും ഗ്രൂപ്പുവൈരങ്ങളും ശാപവാക്കുകളും ചൊരിയുന്ന പള്ളിപ്രസംഗങ്ങൾക്കുപകരം ആരാധനയ്ക്കെത്തുന്നവരെമുഴുവൻ അതിൽ ഭാഗവാക്കുകളാക്കുന്ന ലളിതമായ ഇടപെടലുകൾ. അമ്മമാരെ അനുസ്മരിച്ചു നില്ക്കാൻ പറഞ്ഞ രു നിമിഷങ്ങളായിരുന്നു ഏറ്റവും ഹൃദയസ്പർശിയായത്.അച്ഛനും അമ്മ യ്ക്കുമൊക്കെ ഓരോ ദിവസങ്ങൾ മാറ്റിവെയ്ക്കുന്ന ഇംഗ്ളീഷ് പൊങ്ങച്ചങ്ങളോട് പുച്ഛമുായിരുന്നെങ്കിലും ആ രു മിനിറ്റിന്റെ നിശ്ശബ്ദത എന്നെയും വല്ലാതെ ഉലച്ചുകളഞ്ഞു. ആ നിമിഷങ്ങളുടെ അർത്ഥാന്തരങ്ങളാണ് അന്നവിചാരം മുന്ന വിചാരമെന്ന പ്രാമാണികശീർഷകത്തിലൊരു ഭേദഗതി വരുത്തി ചില അമ്മവിചാരങ്ങളി ലേക്കെന്നെ നയിച്ചത്.

ഇന്ത്യക്കാർക്ക് അമ്മ വികാരം രക്തത്തിലലിഞ്ഞ പൈതൃകമാണ്. ***ജനനീ ജന്മഭൂമിശ്ച-സ്വർഗ്ഗാദപി ഗരീയസി***യെന്നും( പെറ്റമ്മയും പിറന്ന നാടും സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠം !) ***മാതാപിതാ ഗുരുദൈവം*** എന്നു മൊക്കെ ഉരുവിട്ടു വളരുന്നവരാണ് ഭാരതീയർ.ഏഴാം തരത്തിലെ പാഠപ്പുസ്തകത്തിലുായിരുന്ന നീതിസാര വാക്യമോർമ്മയിലെത്തുന്നു. ആപദിം കിം കരണീയം-സ്മരണീയം ചരണയുഗളാംബയാം.- ആപത്തുാകു മ്പോൾ അമ്മയുടെ കാല്പാദങ്ങളെ ആദ്യം അനുസ്മരിക്കൂവെന്നാണ് ഇതിന്റെ സാരം. കാലൊന്ന് കല്ലിൽ തട്ടിയാൽപ്പോലും ആദ്യം അമ്മേയെന്നു വിളിച്ചുപോകുന്നതിതുകൊാണ്. ലോകത്ത് പകരം വെയ്ക്കാനി ല്ലാത്ത സ്നേഹത്തിന്റെ പേരാണ് മാതൃവാത്സല്യം. മറ്റെല്ലാ സ്നേഹക്രമങ്ങളിലും നല്കുന്ന സ്ലേഹത്തിനു പകരം എന്തെങ്കിലുമൊന്ന് പ്രതീക്ഷിക്കുന്നുാകും. എന്നാൽ തിരിച്ചൊന്നും പ്രതീക്ഷിക്കാതെ നിർവ്യാജ

മായി സ്നേഹം ചൊരിയുന്നവരാണ് അമ്മമാർ.

എന്നാൽ ഈ അമ്മവാത്സല്യങ്ങളോട് മക്കളെത്രമാത്രം നീതിപുലർത്തുന്നുണ്ടെന്നത് ലോകമാതൃദിനാചരണത്തിനിടയിൽ ഏറെ പ്രസക്തമായ ചിന്താവിഷയമാണ്. അമ്മദിനാഘോഷങ്ങൾക്ക് അമ്മമാരെ പുറത്തുകൊണ്ടുപോയ മക്കൾ അവരെ ആറുമണിക്കുമുമ്പായി വൃദ്ധസദനത്തിൽ തിരിച്ചെത്തിക്കേണ്ടതാണെന്ന സെക്രട്ടറിയുടെ അറിയിപ്പ് നർമ്മം കലർന്ന വാട്സ് ആപ്പ് സന്ദേശമാണെങ്കിലും അതിലല്പം സാമൂഹികവിചാരവിമർശനമില്ലാതില്ല. കൊച്ചുകേരളത്തിൽ ഇരുന്നൂറിലേറെ വൃദ്ധസദനങ്ങളുണ്ടെന്നത് നമ്മുടെ പാരമ്പര്യത്തിന് അഭിലഷണീയമായ ഒരു സൂചികയല്ല. അമ്മമാരെ നടതള്ളുന്നതിന്റെയും അവഗണനയുടെ ഉൾമുറികളിൽ പീഡിപ്പിക്കുന്നതിന്റെയും മാധ്യമ വാർത്തകളാണ് ദിവസവും പുറത്തുവരുന്നത്. ഇതിനെതിരെ സമൂഹമന:സാക്ഷി ഉണരേണ്ടതുണ്ട്. കൃത്രിമ സ്നേഹനാട്യങ്ങളിൽ ആശംസാക്കാർഡും പൂവും കൈമാറുന്നതിനേക്കാൾ ലോകമാതൃദിനാചരണത്തിൽ സമൂഹമാവശ്യപ്പെടുന്നത് അതാണ്.

മാതൃവാത്സല്യത്തിന്റെ ആഴം വ്യക്തമാക്കുന്ന കഥ പരാമർശിച്ചുകൊണ്ട് ഈ അമ്മവിചാരങ്ങൾ ഉപസംഹരിക്കാമെന്നു തോന്നുന്നു. ക്ലാസ്സിൽ പ്രോഗ്രസ് കാർഡ് വിതരണം ചെയ്തുകൊണ്ടിരുന്ന അധ്യാപിക ഒരു വിദ്യാർത്ഥിയോട് തീർച്ചയായും ഇത്തവണ അമ്മയെ വിളിച്ചുകൊണ്ടുവരണമെന്നു പറഞ്ഞു. കുട്ടിക്ക് ആകെ വിഷമമായി. ആദ്യതവണ അവൻ അമ്മയെ വിളിച്ചുകൊണ്ടു വരാതിരുന്നത് മന:പൂർവ്വമാണ്. പൊള്ളൽപ്പാടുകളുടെ ഭീകരമായ മുഖവൈരൂപ്യമുള്ള അമ്മയെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുവവാൻ അവന് ഏറെ സങ്കോചമുണ്ടായിരുന്നു. ഇത്തവണ പക്ഷേ അവന് മനസ്സില്ലാമനസ്സോടെ അമ്മയെ കൊണ്ടുവരേണ്ടി വന്നു. അധികമാരും ശ്രദ്ധിക്കാതെ കൃത്യമായ അകലമിട്ടാണ് അവൻ നിന്നിരുന്നത്. മുഖത്തെ മുറിപ്പാടുകളെക്കുറിച്ചുള്ള അധ്യാപികയുടെ ചോദ്യത്തിന് അമ്മ നല്കിയ ഉത്തരം കേട്ടപ്പോൾ അവന്റെ ഉള്ളുപൊള്ളിപ്പോയി. തന്റെ കുഞ്ഞ് ചെറുതായിരുന്നപ്പോൾ അവൻ കിടന്ന മുറിക്ക് തീ പിടിച്ചെന്നും അടുക്കളയിലായിരുന്ന താൻ തീ വകവെയ്ക്കാതെ മുറിക്കുള്ളിൽ കടന്ന് അവനെ വാരിയെടുത്ത് മാറോട് ചേർത്ത് പുറത്തേക്കു ചാടി രക്ഷപെടുകയായിരുന്നെന്നും അതിന്നിടയിൽ മേല്ക്കൂരയിൽ നിന്ന് തീ പിടിച്ചടർന്നുവീണ പലകവീണാണ് തന്റെ മുഖത്ത് മുറിവേറ്റതെന്നും പൊള്ളലുണ്ടായതെന്നും കേട്ടപ്പോൾ അവന്റെ ഉള്ളു വെന്തുപോയി. തന്റെ മുഖത്തേല്ക്കേണ്ട മുറിവുകളാണ് അമ്മ വഹിക്കുന്നതെന്നറിഞ്ഞ അവൻ ഓടിവന്ന് അമ്മയെ കെട്ടിപ്പിടിച്ച് കരഞ്ഞു.

ദൈവത്തിന് ഭൂമിയിലെല്ലായിടത്തുമെത്താൻ കഴിയാത്തതുകൊണ്ട് അവൻ ഭൂമിയിൽ അമ്മമാരെ സൃഷ്ടിച്ചുവെന്ന( God could not be everywhere, so he made mothers) യൂദപഴമൊഴി എത്ര അർത്ഥപൂർണ്ണമാണ്. എല്ലാ അമ്മമാർക്കും സ്നേഹപ്രണാമം. !